Page 1 of 1

(സി) പരമാവധി വേഗപരിധി മണിക്കൂറിൽ 70 കി.മീ. ആണ്. മന്ത്രിമാർക്കും മറ്റും പ്രത്യേക നിയമം നിലവിലില്ല. ഇത്തരത്തിൽ അപകടങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മന്ത്രിമാരുടെയും അകമ്പടി ഉദ്യോഗസ്ഥരുടെയും വാഹനങ്ങൾ മോട്ടോർ വാഹന നിയമം 119-ാം വകുപ്പനുസരിച്ച് ട്രാഫിക് സിഗ്നലുകൾ ലംഘിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) മന്ത്രിമാരുടെയും അകമ്പടി ഉദ്യോഗസ്ഥരുടെയും വാഹനങ്ങൾക്ക് പ്രത്യേകമായി വേഗപരിധി നിശ്ചയിച്ചിട്ടില്ല. ഇത്തരം വാഹനങ്ങൾ വേഗപരിധി മറികടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള നിയമങ്ങൾ പ്രകാരമുള്ള നടപടികൾ പ്രസ്തുത വാഹനങ്ങൾക്കും ബാധകമാണ്.

(എഫ്) സംസ്ഥാനത്ത് പൊതു ജനങ്ങളുടെ വാഹനങ്ങൾക്ക് വേഗപ്പൂട്ടും, മോട്ടോർ വാഹനനിയമം ലംഘിച്ചവർക്ക് പിഴയും ലൈസൻസ് റദ്ദാക്കലുമുൾപ്പെടെ നടപ്പിലാക്കിയതുമൂലം 10-6-2013 മുതൽ 20-1-2014-വരെ പെറ്റിക്കേസ്സുകൾ ഉൾപ്പെടെ 2306615 കേസ്സുകളും പിഴയായി 38,67,63,686 (മുപ്പത്തിയെട്ടു കോടി അറുപത്തിയേഴ് ലക്ഷത്തി അറുപത്തിമൂവായിരത്തി അറുനൂറ്റി എൺപത്തിയാറ്) രൂപ ഈടാക്കുകയും ചെയ്തു. 10299 പേർക്കെതിരെ ലൈസൻസ് റദ്ദ്/സസ്പെൻഡ് ചെയ്യുന്നതിലേക്കുള്ള നടപടികൾ സ്വീകരിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിന് റിപ്പോർട്ടുകൾ നൽകിയിട്ടുള്ളതാണ്. ഇതിൽ മന്ത്രിമാർ/അകമ്പടി വാഹനങ്ങൾ ഉൾപ്പെട്ടിട്ടില്ല.

## അന്യസംസ്ഥാനങ്ങളിലേക്ക് കടക്കുന്ന ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഉയർന്ന നികുതി

276 (3766) ശ്രീമതി കെ. എസ്. സലീഖ: താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കർണ്ണാടകയിലേക്ക് കടക്കുന്ന ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഉയർന്ന നികുതി ഈടാക്കുന്നതുപോലെ മറ്റ് സംസ്ഥാനങ്ങളിൽ കൂടുതൽ തുക ഈടാക്കുന്നുണ്ടോ ; എങ്കിൽ ഇവ തടയുന്നതിന് എന്ത് നടപടി സ്വീകരിച്ചു ; വിശദമാക്കുമോ ?

### ഉത്തരം

കേരളത്തിന് തമിഴ്നാടും ആന്ധ്രാപ്രദേശുമായി ബൈലാറ്ററൽ എഗ്രിമെന്റ് ഉള്ളതിനാൽ പ്രസ്തുത സംസ്ഥാനങ്ങളിലേക്ക് പ്രവേശിക്കുവാൻ കേരളത്തിൽ നിന്നും സ്പെഷ്യൽ പെർമിറ്റെടുത്ത വാഹനങ്ങൾക്ക് നികുതി ഒടുക്കേണ്ടതില്ല. കർണ്ണാടക സംസ്ഥാനം ഈടാക്കുന്ന അമിത നിരക്ക് കുറയ്ക്കുന്നത് പരിഗണിക്കണമെന്ന് കർണ്ണാടക സർക്കാരിനോട് മുഖ്യമന്ത്രി കത്തു മുഖാന്തിരം ആവശ്യപ്പെട്ടിരുന്നെങ്കിലും അനുകൂലമായ നടപടിയുണ്ടായില്ല. ഡിസംബർ 26, 27 തീയതികളിൽ തിരുവനന്തപുരത്ത് ചേർന്ന സൗത്ത് ഇന്ത്യ

LIBRARY ARCHIVES Kerala Legislative Assembly